**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്- 2011-12 - ഗോവർദ്ധിനി പ്രോജക്ട്- സംസ്ഥാന ഓഡിറ്റ് വകുപ്പ് -ഓഡിറ്റ് തടസ്സപ്പെടുത്തിയ 50180/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം. 1100 /2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/05/2019

പരാമർശം:
1. 24/07/2007 ലെ സ.ഉ.(എം.എസ്) നം. 183/07/ത.സ്വഭ.വ.നമ്പർ സർക്കാർ ഉത്തരവ്.
2. സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5.
3. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 31/01/2019 ലെ 2(എ) 8 നമ്പർ തീരുമാനം
4. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30/03/2019 ലെ-ഇ 4 2685/12/TDP നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷം ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗോവർദ്ധിനി പ്രോജക്ടിൽ, ബോധവൽക്കരണ പരിപാടികൾക്കായി ചെലവഴിച്ച 50180/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുകയുണ്ടായി.ഈ പരാമർശത്തിന് സാധൂകരണം ലഭ്യമാക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം(4)പ്രകാരം അപേക്ഷിച്ചിരുന്നു.

2)പദ്ധതിയുടെ ഭാഗമായി 26 സംഘങ്ങൾക്ക് ബോധവത്കരണ ക്ലാസിനുള്ള ചെലവായി ആകെ 50180/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ഉല്പാദനപരമല്ലാത്ത ബോധവത്കരണ ക്യാമ്പുകൾ, ക്യാമ്പെയിനുകൾ, മേളകൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കരുതെന്ന നിബന്ധന ഉണ്ടെന്നും, ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണെന്നും സൂചന രണ്ടിലെ ഖണ്ഡിക മുഖന്തിരം ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

3) തിരുവനന്തപുരം ജില്ലയിൽ പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കിയ ഗോവർദ്ധിനി പ്രോജക്ടിന്റെ വിജയത്തിന് അനിവാര്യമായതിനാലാണ് ഇത്തരത്തിൽ ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

4,)സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഉൽപാദനപരമല്ലാത്ത ബോധവൽക്കരണ പരിപാടികൾക്കായി പണം ചെലവഴിക്കുന്നത് പദ്ധതി മാർഗരേഖപ്രകാരം

അനുവദനീയമല്ല. എന്നാൽ ഈ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കൾക്ക് കിടാരികളെ വാങ്ങി നൽകി, അവയുടെ പരിപാലനത്തിലൂടെ പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ ഭാഗമായി കിടാരികളുടെ പരിപാലനം സംബന്ധിച്ച് നൽകുന്ന പരിശീലനം ഉല്പാദനപരമായി കാണാവുന്നതാണ്. ആയതിനാൽ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനായി ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച ഇനത്തിൽ 50180/- രൂപ(അമ്പതിനായിരത്തി ഒരുനൂറ്റി എൺപത് രൂപ മാത്രം) ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സന്തോഷ്.
ഗവൺമെന്റ് അണ്ടർ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.